നം. G2-4330/19

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 19.12.2019
Email - swdkerala@gmail.com
Phone - 0471 – 2306040

## വിജ്ഞാപനം
## സാമൂഹ്യനീതി വകുപ്പ്

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ജന വിഭാഗമായ മറവി രോഗം ബാധിച്ച ജനങ്ങൾക്ക് ആവശ്യമായ പരിരക്ഷയും ശുശ്രൂഷയും നൽകി അവരെ പുനരധിവസിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും സാമൂഹ്യനീതി വകുപ്പ് പ്രത്യേക ശ്രദ്ധ നൽകി വരുന്നുണ്ട്. അപ്രകാരം കോഴിക്കോട് ജില്ലയിൽ സാമൂഹ്യനീതി വകുപ്പിന്റെ കെട്ടിടത്തിൽ ഡിമെൻഷ്യ രോഗികളെ പരിചരിക്കുന്നതിന് വകുപ്പിന്റെ സഹകരണത്തോടെ സ്ഥാപനം നടത്തുന്നതിന് കോഴിക്കോട് കേന്ദ്രീകരിച്ച് ഈ രംഗത്ത് പ്രവർത്തിക്കുന്ന NGOs/സന്നദ്ധ സംഘടനകളിൽ നിന്നും താൽപര്യ പത്രം ക്ഷണിക്കുന്നു. താൽപര്യമുള്ളവർക്ക് ഇതു സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വകുപ്പിന്റെ വെബ്സൈറ്റായ **www.sjd.kerala.gov.in**-ൽ നിന്നും ലഭ്യമാകുന്നതാണ്. പ്രൊപ്പോസലുകൾ തയ്യാറാക്കി **31.12.2019**-ന് മുൻപ് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

MUKUNDAN. U.
PEN 214172
Assistant Director
Directorate of Social Justice
Vikas Bhavan
Thiruvananthapuram-33.

PDF processed with CutePDF evaluation edition www.CutePDF.com

## മറവി രോഗികൾ/ വൃദ്ധജനങ്ങൾക്കായുള്ള സ്ഥാപന പരിചരണ പദ്ധതി

I. **കോഴിക്കോട് ജില്ലയിൽ** സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ക്ഷേമ സ്ഥാപനമായി പ്രവർത്തിക്കുന്നതിനായി പുതുതായി നിർമിച്ചിട്ടുള്ള കെട്ടിടത്തിൽ 2019-20 വർഷത്തിൽ മറവി രോഗികളുടെയും വയോജനങ്ങളുടേയും പരിചരണത്തിനും ശുശ്രൂഷയും പരിരക്ഷയും നൽകുവാൻ താൽപര്യമുള്ള ബന്ധപ്പെട്ടവർക്കു വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

II. **അംഗീകാരം**

1. കേരള ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ NGO-യ്ക്ക് ഉണ്ടായിരിക്കണം.
2. ഓർഫനേജ് കൺട്രോൾ ബോർഡ് രജിസ്ട്രേഷൻ NGO-യ്ക്ക് ഉണ്ടായിരിക്കേണ്ടതാണ്.

III. **പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ**

1. കോഴിക്കോട് ജില്ലയാണ് പദ്ധതി പ്രവർത്തന മേഖല
2. കോഴിക്കോട് ജില്ലയിൽ നിന്നുള്ള 60 വയസ് കഴിഞ്ഞിട്ടുള്ള നിരാലംബരായിട്ടുള്ളതും മറ്റാരാലും പരിരക്ഷ ലഭ്യമാകാനിടയില്ലാത്ത വയോജനങ്ങളെയും മറവി രോഗികളേയും താമസിപ്പിക്കുക.
3. സർക്കാർ ആശുപത്രികളിൽ ഉപേക്ഷിക്കപ്പെടുന്ന 60 വയസ്സ് കഴിഞ്ഞ വയോജനങ്ങളെ പാർപ്പിക്കുക.
4. മെയിന്റനൻസ് ട്രൈബ്യൂണൽ / ബഹു.കോടതി തീരുമാന പ്രകാരം വയോജനങ്ങളെ താല്ക്കാലികമായോ സ്ഥിരമായോ പാർപ്പിക്കൽ.
5. പരമാവധി 25 വയോജനങ്ങൾക്ക് പ്രവേശനം നൽകി അവരുടെ ശാരീരിക-മാനസിക സംരക്ഷണവും, ഭക്ഷണവും വിശ്രമ സൗകര്യങ്ങളും ആരോഗ്യ സംരക്ഷണ നിർവ്വഹണം ഉറപ്പാക്കുക.
6. വകുപ്പ് മേലധികാരിയുടെ നിർദ്ദേശങ്ങൾ / ഉത്തരവുകൾക്ക് വിധേയമായ ടി സ്ഥാപനത്തിന്റെ പ്രവർത്തനം പരിഷ്ക്കരിക്കുന്നതാണ്.

*db@G2-4330-19*

7. ടി സ്ഥാപനത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന വയോജനങ്ങൾക്ക് പൂർണ്ണ സംരക്ഷണം ഉറപ്പാക്കുക

**IV. ടി സ്ഥാപനം പ്രവർത്തിക്കുന്നതിന് സംഘടനയ്ക്ക് ഉണ്ടായിരിക്കേണ്ട സൗകര്യങ്ങൾ / ചുമതലകൾ/ നിർവ്വഹണം**

1. ടി സ്ഥാപനത്തിൽ പ്രവേശിക്കപ്പെടുന്ന വയോജനങ്ങളുടെ മാനസിക, ശാരീരിക ആരോഗ്യ സംരക്ഷണവും തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.
2. താമസക്കാർക്ക് സൗകര്യപ്രദമായി ഉപകരിക്കാവുന്നതിന് ആവശ്യമായ ക്രമീകരണം, ശൗചാലയം, കുളിമുറി എന്നിവർ ഉണ്ടായിരിക്കേണ്ടതാണ്.
3. സ്ഥാപനവും പരിസരവും ശുചിത്വത്തോടെ സൂക്ഷിക്കേണ്ടതാണ്.
4. ടി സ്ഥാപനത്തിലെ താമസക്കാർക്കാരുടെ പരിപാലനത്തിനായി പ്രോജക്ട് അപേക്ഷയിൻ പ്രകാരം ആവശ്യമുള്ള ജീവനക്കാരെ NGOയ്ക്ക് നിയോഗിയ്ക്കാവുന്നതാണ്.
5. സ്ഥാപനത്തിലെ താമസക്കാരിൽ ഉണ്ടാകുന്ന രോഗങ്ങൾക്ക് യഥാസമയം ചികിത്സയും മുരുന്നും ലഭ്യമാക്കേണ്ടതാണ്. ആഴ്ചയിൽ ഒരു ദിവസം അലോപ്പതി ഡോക്ടറുടെ സേവനം സ്ഥാപനത്തിൽ താമസക്കാർക്ക് ലഭ്യമാക്കേണ്ടതാണ്.
6. രോഗികളായ വയോജനങ്ങളെ ആശുപത്രിയിൽ എത്തിക്കുന്നതിന് ആബുലൻസിന്റെ സേവനം നൽകേണ്ടതാണ്.
7. സ്ഥാപനത്തിൽ വയോജനങ്ങൾക്ക് Physotherapist-ന്റെ സേവനം ആഴ്ചയിൽ ഒരു ദിവസം ലഭ്യമാക്കേണ്ടതാണ്.
8. താമസക്കാർക്ക് മാനസിക ഉല്ലാസത്തിനായി ടി.വി ആവശ്യമായ വായനാ സഹായികളും ലഭ്യമാക്കേണ്ടതാണ്. താമസക്കാർക്ക് ആവശ്യത്തിന് ശുദ്ധജലം എല്ലാസമയവും ലഭ്യമാവുന്നതിന് സംവിധാനം ക്രമീകരിക്കണം.
9. താമസക്കാർ ഉപയോഗിച്ചു കഴിയുന്ന മുഷിഞ്ഞ വസ്ത്രങ്ങൾ യഥാസമയം അലക്കി നൽകുന്നതിനും കിടക്കകൾ വൃത്തിയാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.
10. കിടപ്പു മുറികൾ, ശൗചാലയങ്ങൾ, കുളിമുറി എന്നിവ അണുവിമുക്തമായി സൂക്ഷിക്കേണ്ടതാണ്.
11. താമസക്കാരുടെ കർമ്മശേഷി വർദ്ധിക്കുന്നതിന് ഉതകുന്ന നിർവഹണ ചുമതലകൾ നൽകാവുന്നതാണ്.

12. താമസക്കാരെ സംബന്ധിച്ച വിശദാംശങ്ങൾ, ബന്ധുക്കളെ സംബന്ധിച്ചുള്ളവ, ഇവരെ പ്രവേശിപ്പിക്കുന്നതിനിടയായ സാഹചര്യം, മാർഗ്ഗം എന്നിവ രേഖപ്പെടുത്തുന്ന ചുവടെ പറയുന്ന രജിസ്റ്ററുകൾ സ്ഥാപനത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.
    1. താമസക്കാരുടെ പ്രവേശന രജിസ്റ്റർ.
    2. രോഗ വിവരണ രജിസ്റ്ററും കേസ് ഫയലും
    3. മരുന്നു വിതരണ രജിസ്റ്റർ.
    4. സന്ദർശന രജിസ്റ്റർ
    5. അന്യസംസ്ഥാന താമസക്കാർക്കായുള്ള രജിസ്റ്റർ
    6. ഭക്ഷണസാധനങ്ങൾ - രജിസ്റ്റർ
    7. സ്പോൺസർഷിപ്പ് ഇനങ്ങളുടെ രജിസ്റ്റർ
    8. താമസക്കാരുടെ വിലപിടിപ്പുള്ള വസ്തുക്കൾ (ആഭരണം ഉൾപ്പെടെ) രജിസ്റ്റർ.
13. സ്ഥാപനത്തിന്റെ പ്രവർത്തനം, പ്രതിമാസ പുരോഗതി റിപ്പോർട്ട് എന്നിവ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നൽകേണ്ടതാണ്.
14. ആശുപത്രിയിൽ പ്രവേശിക്കപ്പെടുന്ന താമസക്കാർക്ക് കൂട്ടിരിപ്പിന് പ്രത്യേകം ജീവനക്കാരെ നിയോഗിക്കേണ്ടതാണ്.
15. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി ഡയറക്ടറുമായി ധാരണാപത്രം ഒപ്പു വയ്ക്കേണ്ടതാണ്.
16. സ്ഥാപനത്തിൽ താമസക്കാർക്കായുള്ള ഭക്ഷണക്രമം ദിവസവും പ്രദർശിപ്പിക്കേണ്ടതാണ്.
17. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം നൽകുന്ന സാനിട്ടേഷൻ സർട്ടിഫിക്കറ്റ് സംരക്ഷിക്കേണ്ടതാണ്.

## V. സാമൂഹ്യനീതി വകുപ്പിൽ നിന്നും സ്വീകരിക്കുന്ന നടപടികൾ.

1. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി ഡയറക്ടറുമായി ഒപ്പുവയ്ക്കുന്ന ധാരണാപത്രത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കപ്പെടുന്നുവെന്നും താമസക്കാരുടെ സംരക്ഷണം സംബന്ധിച്ചുള്ള നിർവ്വഹണ വും സ്ഥാപനത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ചും വിലയിരുത്തുന്നതിന് ജില്ലാ തലത്തിൽ ഒരു സമിതിയ്ക്ക് രൂപം നൽകുന്നതാണ്.

2. ടി സ്ഥാപനത്തിന്റെ നടത്തിപ്പിനായി (Non-recorring) തുടങ്ങിയിട്ടുള്ള വിവിധ components-കൾക്കുള്ള ഫണ്ട് ആദ്യവർഷം വകുപ്പ് അനുവദിക്കുന്നതാണ്.

*db@G2-4330-19*

3. NGO നൽകുന്ന പ്രൊപ്പോസൽ നിലവിലെ സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും തുടർ പരിശോധനയ്ക്കും വിധേയമായി പരിഗണിക്കുന്നതും സർക്കാർ ഉത്തരവിന് വിധേയമായി അംഗീകരിക്കാവുന്നതുമാണ്.

4. ടി സ്ഥാപനം പ്രവർത്തനത്തിന് അന്തേവാസികളുടെ ഉപയോഗത്തിനുള്ള ഫർണിച്ചർ വകുപ്പ് ലഭ്യമാക്കുന്നതാണ്.

5. ടി സ്ഥാപനത്തിന്റെ നടത്തിപ്പ് 3 വർഷത്തേയ്ക്ക് - പ്രൊപ്പോസൽ അംഗീകരിക്കുന്ന മുറക്ക് അനുവദിക്കുന്നതാണ്.

6. ടി സ്ഥാപനത്തിനാവശ്യമായ Electricity charge, water charge എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന ഒടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

7. പ്രൊപ്പോസൽ പ്രകാരമുള്ള NGO നിയോഗിക്കുന്ന ജീവനക്കാർക്കുള്ള വേതനം സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി വകുപ്പ് നിശ്ചയിക്കുന്നതായിരിക്കും.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

*db@G2-4330-19*